## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം :333** **14.07.2015 ൽ മറുപടിയ്ക്ക്**

### സോളാർ പാർക്ക്

**ചോദ്യം**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് :

(എ) കെ.എസ്.ഇ.ബി-യുടെ നേതൃത്വത്തിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കാവശ്യമായ തുക എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
( ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ ഇരുനൂറ് മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ടി പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും(സെക്കി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ചേർന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇരുനൂറ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ നൂറ് മെഗാവാട്ട് സോളാർ പാർക്ക് സ്കീം പ്രകാരവും നൂറ് മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയുമാണ് നടപ്പിലാക്കുന്നത്.

(സി) സോളാർ പാർക്ക് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ധനം സമാഹരിക്കേണ്ടതില്ല. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി കൈമാറേണ്ടതുമാത്രമേയുള്ളു. പ്രസ്തുത സ്ഥലത്ത് കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ടെണ്ടർ വിളിച്ച് ഉൽപ്പാദകരെ ക്ഷണിക്കുകയും ചെയ്യുന്നു. അവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയ്ക്കും, വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് വഴി സ്ഥാപിക്കുന്നവയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കും കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുകയാണ് ചെയ്യുന്നത്. കേന്ദ്ര

നവ-നവീകരണ ഊർജ്ജ മന്ത്രാലയം സോളാർ പാർക്കിന്റെ പ്രാരംഭ നടപടിയ്ക്കായി ഇരുപത്തി അഞ്ച് ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഒരു മെഗാവാട്ടിന് ഇരുപത് ലക്ഷം രൂപ പ്രകാരം നാൽപത് കോടി രൂപയും ധനസഹായമായി നൽകുന്നതാണ്. സൗരോർജ്ജ പദ്ധതികൾ ടി പാർക്കിനുള്ളിൽ സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ